ജൂതന്മാർ അല്ലാഹുവിൻ്റെ റസൂൽ (صلى الله عليه وسلم) യുടെ അരികിൽ വന്ന്
അവരിൽപെട്ട ഒരു പുരുഷനും സ്ത്രീയും
വ്യഭിചരിച്ചിട്ടുണ്ടെന്ന് പറഞ്ഞു.
അബ്ദുല്ലാഹി ബ്നു ഉമർ (رضي الله عنهما) പറയുന്നു: ജൂതന്മാർ അല്ലാഹുവിൻ്റെ റസൂൽ (صلى الله عليه وسلم) ُ
യുടെ അരികിൽ വന്ന് അവരിൽപെട്ട ഒരു പുരുഷനും സ്ത്രീയും വ്യഭിചരിച്ചിട്ടുണ്ടെന്ന്
പറഞ്ഞു. അപ്പോൾ അല്ലാഹുവിൻ്റെ റസൂൽ (صلى الله عليه وسلم) അവരോട് ചോദിച്ചു: എന്താണ് എറിഞ്ഞു
കൊല്ലുന്നതിനെ കുറിച്ച് തൗറാത്തിൽ നിങ്ങൾ കണ്ടിട്ടുള്ളത്? അപ്പോൾ അവർ പറഞ്ഞു:
ഞങ്ങൾ അവരെ അടിക്കുകയും അപമാനിക്കുകയും ചെയ്യണമെന്നാണ് അതിലുള്ളത്. അപ്പോൾ
അബ്ദുല്ലാഹിബ്നു സലാം പറഞ്ഞു: കളവാണ് നിങ്ങൾ പറയുന്നത്. തൗറാത്തിൽ എറിഞ്ഞു
കൊല്ലണമെന്ന ആയത്തുണ്ട്. അങ്ങനെ അവർ തൗറാത് കൊണ്ടുവന്നു നിവർത്തിവെച്ചു.
അവരിലൊരാൾ എറിയണമെന്ന് പറയുന്ന ആയത്തിൻ്റെ മേലെ കൈവെച്ച് അതിൻ്റെ മുന്നിലും
പിന്നിലുമുള്ളത് വായിച്ചു. അപ്പോൾ അബ്ദുല്ലാഹിബ്നു സലാം പറഞ്ഞു: നിൻ്റെ
കൈയെടുക്ക്. അയാൾ കൈയെടുത്തു. അതാ എറിയണമെന്ന് പറയുന്ന ആയത്ത്. അയാൾ പറഞ്ഞു:
മുഹമ്മദേ നീ പറഞ്ഞത് സത്യമാണ്. അങ്ങനെ നബി (صلى الله عليه وسلم) അവരിരുവരെയും എറിഞ്ഞുകൊല്ലാൻ
കൽപ്പിച്ചു. അബ്ദുല്ലാഹി ബ്നു ഉമർ പറയുന്നു: അയാൾ ആ പെണ്ണിന് ഏറു കൊള്ളാതിരിക്കാൻ
തൻ്റെ ശരീരം കൊണ്ട് തടുക്കുന്നത് ഞാൻ കണ്ടിരുന്നു."
[സ്വഹീഹ്] [ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചത്]
https://sunnah.global/hadeeth/ml/show/2948